"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനകാര്യം — കണ്ണൂർ — കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് — ക്ലർക്ക് — ശ്രീ.സിജിൻ. കെ. സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ എ (ഇകെഎം) നം.135/2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.520/2025/LSGD തീയതി, തിരുവനന്തപുരം, 21-02-2025

---

പരാമർശം:—

1. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.06.2022ലെ DDP-KNR/472/2022-E1 നമ്പർ നടപടിക്രമം
2. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.12.2022ലെ DDP-KNR/1641/2022-E1(1) നമ്പർ നടപടിക്രമം
3. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.01.2023ലെ DDP-KNR/1641/2022-E1(1) നമ്പർ
4. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09.01.2023ലെ DDP-KNR/472/2022-E1 നമ്പർ നടപടിക്രമം
5. ശ്രീ.സിജിൻ കെ സിയുടെ 20.01.2023ലെ അപേക്ഷ
6. ഒ എ (ഇകെഎം) നം.135/2023നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.01.2023ലെ അന്തിമ ഉത്തരവ്
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.01.2025ലെ LSGD/PD/4301/2023-DEC4 നമ്പർ കത്ത്

ഉത്തരവ്

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് പിണറായി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് സ്ഥലംമാറ്റിയ നടപടിയ്ക്കെതിരെ കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.സിജിൻ.കെ.സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒഎ (ഇകെഎം) നം.135/2023 നമ്പർ കേസിലെ പരാമർശം (6) പ്രകാരമുള്ള ഉത്തരവിൽ ടിയാൻ പരാമർശം (5) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ച് ഉത്തരവായിരുന്നു.

2. പരാമർശം (1) പ്രകാരം 17/06/2022 ന് കീഴല്ലൂർ ഗ്രമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച അപേക്ഷകനെ പരാമർശം (2) പൊതുസ്ഥലംമാറ്റ കരട് ലിസ്റ്റ് പ്രകാരം മുമ്പ് ജോലി ചെയ്തിരുന്ന കോട്ടയം പഞ്ചായത്തിൽ നിന്നും 61 കിലോമീറ്ററോളം അകലെയുള്ള ആലക്കോട്

പഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിരുന്നതായും കരട് ലിസ്റ്റിലെ അപാകതക്കെതിരെ ടിയാൻ വ്യക്തിഗത ലോഗിൻ മുഖേന അപ്പീൽ നൽകിയിരുന്നതായും ടിയാൻ നിലവിൽ ജോലി ചെയ്തു വരുന്ന കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ തന്നെ ജോലിയിൽ തുടരാൻ അനുവദിക്കണമെന്നായിരുന്നു അപ്പീൽ മുഖേന ബോധിപ്പിച്ചിരുന്നതെന്നും ആയത് അംഗീകരിച്ചതായി വ്യക്തിഗത ലോഗിനിൽ കാണാൻ സാധിച്ചെന്നും എന്നാൽ പരാമർശം (3) പ്രകാരം ടിയാനെ കൂടാളി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി എന്നാണ് കാണുന്നതെന്നും മൂന്ന് വർഷം പൂർത്തീകരിച്ച/താൽക്കാലിക നിയമനം എന്നാണ് ടി സ്ഥലംമാറ്റത്തിന് കാരണം പറയുന്നതെന്നും എന്നാൽ ടിയാൻ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാൻ തുടങ്ങിയിട്ട് ഏഴു മാസം മാത്രമേ ആയിട്ടുള്ളൂ എന്നും കൂടാതെ പരാമർശം (1) നടപടിക്രമത്തിൽ ടിയാന്റെ നിയമനം താൽക്കാലികമാണെന്ന് പറയുന്നില്ലെന്നും ടി ഉത്തരവിൽ പറയാത്തത് കാരണവും പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ ലീവിലായത് കാരണവും ടിയാന് മറ്റ് പഞ്ചായത്തുകളിലേക്ക് ഓപ്ഷൻ കൊടുക്കാൻ സാധിച്ചില്ലെന്നും പരാമർശം (4) പ്രകാരം ടിയാനെ 2 ദിവസത്തിനകം ധൃതി പിടിച്ച് പിണറായി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകിയത് മറ്റൊരു വ്യക്തിക്ക് കൂടാളി ഗ്രാമപഞ്ചായത്തിൽ നിയമനം നൽകുന്നതിനായാണെന്നും തുടരെയുള്ള സ്ഥലം മാറ്റം കാരണം ടിയാൻ പൊതു സമൂഹത്തിലും തൊഴിലിടങ്ങളിലും അപഹാസ്യനാകുന്ന അവസ്ഥയുണ്ടായെന്നും ആയത് കാരണം ടിയാൻ കടുത്ത മാനസിക സമ്മർദ്ദത്തിനടിപ്പെടുന്നതിനും അത് ജോലിയെ തന്നെ ബാധിക്കുന്ന അവസ്ഥയുമുണ്ടായി എന്നും ആയതിനാൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും വിശ്വാസത്തിലെടുത്തു കൊണ്ട് ടിയാൻ നിലവിൽ ജോലി ചെയ്തു വരുന്ന കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ തന്നെ ജോലിയിൽ തുടരാൻ അനുവദിക്കണമെന്നും ഏതെങ്കിലും സാഹചര്യത്തിൽ ടിയാനെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലനിർത്താൻ സാധിക്കാത്ത അവസ്ഥ വരികയാണെങ്കിൽ കൂടാളി ഗ്രാമപഞ്ചായത്തിലേക്ക് ടിയാനെ പരിഗണിക്കണമെന്നതുമാണ് പരാമർശം (5) പ്രകാരം അപ്പീൽ അപേക്ഷയിലെ ഹർജി കക്ഷിയുടെ ആവശ്യം.

3. ഹർജി കക്ഷിയുടെ പരാമർശം(5) അപേക്ഷയിൽ ടിയാനെ ഏതെങ്കിലും സാഹചര്യത്തിൽ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലനിർത്താൻ സാധിക്കാത്ത അവസ്ഥ വരികയാണെങ്കിൽ കൂടാളി ഗ്രാമപഞ്ചായത്തിലേക്ക് പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട് എന്നും ടിയാന്റെ ഇൻകംബൻസി പരിശോധിച്ചതിൽ ടിയാൻ 17/06/2022 തീയതി കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ പ്രവേശിച്ചിട്ടുള്ളതും നിലവിൽ അവിടെ തന്നെ തുടർന്ന് വരുകയുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും സാമ്പത്തിക വർഷം അവസാനിക്കാറായിട്ടുള്ള സാഹചര്യത്തിൽ ടിയാനെ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ തുടരാൻ അനുവദിക്കാവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 17/06/2022 ന് കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച അപേക്ഷകൻ നിലവിൽ പ്രസ്തുത പഞ്ചായത്തിൽ തന്നെ തുടരുകയാണെന്നുള്ള പരാമർശം (7) പ്രകാരം റിപ്പോർട്ട് പരിഗണിച്ച് അനക്ഷർ എ6 അപ്പീൽ അപേക്ഷ തീർപ്പാക്കിയും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മാത്രമേ ടിയാനെ നിലവിലെ സ്റ്റേഷനിൽ നിന്ന് സ്ഥലം മാറ്റാവൂ എന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശം

നൽകിയും ഉത്തരവാകുന്നു .

5. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (6) ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖപത്രം സഹിതം)
4.ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, കണ്ണൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.സെക്രട്ടറി,കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ശ്രീ.സിജിൻ കെ സി, ക്ലർക്ക് കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
7.ഡയറക്ടർ. ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.10/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 21-02-2025 12:19:50